പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3326 23.06.2014-ലെ മറുപടിയ്ക്ക്

## പൊതുഭരണ വകുപ്പിലെ ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ

| നം. | ചോദ്യം<br>ശ്രീ.എം.എ.വാഹീദ് | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| എ | പൊതു ഭരണ വകുപ്പിൽ ടൈപ്പിസ്റ്റ് ഗ്രേഡ് 2 തസ്തികയുടെ കേഡർ എണ്ണം പുനർ നിർണ്ണയിച്ചതിന്റെ ഫലമായി എൻട്രി ലെവലിൽ എത്ര ഒഴിവുകൾ ഉണ്ടായെന്നും അതിൽ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തുവെന്നും അറിയിക്കാമോ? | (എ)&(ബി)<br>പൊതുഭരണ വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്ത് പുനർ നിർണ്ണയിച്ചപ്പോൾ 65 ഒഴിവുകൾ ഉണ്ടായതായി കണക്കാക്കിയിരുന്നു. എന്നാൽ സൂക്ഷ്മ പരിശോധനയിൽ പ്രസ്തുത പുനർനിർണ്ണയത്തിൽ അപാകതയുണ്ടെന്ന് ബോധ്യപ്പെടുകയും തുടർന്ന് 18 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. പ്രസ്തുത 18 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തതിനു ശേഷം നിലവിൽ ടൈപ്പിസ്റ്റ് തസ്തികയിൽ NJD ഒഴിവുകളല്ലാതെ മറ്റൊരു ഒഴിവും നിലവിലില്ല. NJD ഒഴിവുകൾ നിലവിൽ 8 എണ്ണമാണുള്ളത്. ഇത് പി.എസ്.സിക്ക് 20.05.2014-ൽ റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. |
| ബി | ഇനിയും ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാനുണ്ടങ്കിൽ ആയത് എത്രയും വേഗം റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ